ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
0471 2561307

നടപടിക്രമം

സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാദമിക് (എ) സെക്ഷൻ - കെ.ജി.സി.ഇ സായാഹ്ന കോഴ്സ് സീറ്റ് വർദ്ധിപ്പിച്ച് - അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് (എ) സെക്ഷൻ

നം. DTETVM/9657/2025-C3 (ACA) തിരുവനന്തപുരം,തീയതി : 03-12-2025

---

വായന :-

1. 25.06.2019 ലെ സ.ഉ(എം.എസ്) നം.192/2019/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. 27.10.2019 ലെ സ.ഉ(സാധാ) നം. 1927/2019/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3. 14.10.2025 തീയതിയിലെ Datatec Skil Academy മാനേജരുടെ അപേക്ഷ
4. 21.11.2025 തിയതിയിലെ ഇ/ 1144/2024/GPTCDR നമ്പർ സർക്കാർ പോളിടെക്നിക് കോളേജ് അടൂർ പ്രിൻസിപ്പാളുടെ കത്ത്

ഉത്തരവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ അംഗീകാരത്തോട് കൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കെ.ജി.സി.ഇ കോഴ്സുകളുടെ ഈവനിങ് ബാച്ച് ആരംഭിക്കുന്നതിന് വായന (1) പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു. പ്രസ്തുത കോഴ്സിലേക്കുള്ള പ്രവേശന നടപടികൾ ആരംഭിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ മേൽ വായന (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

Datatec Skill Academy, മാവേലിക്കര എന്ന സ്ഥാപനത്തിൻ ഇലക്ട്രിക്കൽ എൻജിനിയറിങ് ബ്രാഞ്ചിൽ സായാഹ്ന കോഴ്സ് നടത്തുന്നതിനായി അനുവദിച്ച 30 സീറ്റിന് പുറമെ അഡീഷണൽ ബാച്ച് അനുവദിക്കുന്നതിനായി മേൽ വായന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. സ്ഥാപനത്തിൻറെ അടിസ്ഥാന ഭൌതിക സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അടൂർ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിരുന്നു. അതിൻ പ്രകാരം സ്ഥാപനത്തിൻറെ ഭൌതിക സാഹചര്യം പരിശോധിച്ച് പ്രസ്തുത കോഴ്സിന് സായാഹ്ന കോഴ്സ് തുടങ്ങുന്നതിന് അനുമതി നൽകാവുന്നതാണെന്ന് വായന (4) പ്രകാരമുള്ള റിപ്പോർട്ടിൽ ശുപാർശ നല്കിയിരിക്കുന്നു.

മേൽ വായന (4) പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ Datatec Skill Academy, മാവേലിക്കര എന്ന കെ.ജി.സി.ഇ സ്ഥാപനത്തിന് സായാഹ്ന കോഴ്സിൽ ഇലക്ട്രിക്കൽ എൻജിനിയറിങ് ബ്രാഞ്ചിൽ അനുവദിച്ച 30 സീറ്റുകൾക്ക് പുറമെ 15 സീറ്റ് കൂടി വർധിപ്പിച്ചുകൊണ്ട്

അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ANI ABRAHAM
SENIOR JOINT DIRECTOR (PS)

**Signed by Ani Abraham**
**Date: 03-12-2025 09:11:18**

സ്വീകർത്താവ്,

1. ജോയിന്റ് കൺട്രോളർ, സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം, കൈമനം, തിരുവനന്തപുരം.
2. ജോയിൻറ് ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആൻഡ് റിസർച്ച്, കളമശ്ശേരി - 683 104
3. മാനേജർ, Datatec Skill Academy, മാവേലിക്കര, ആലപ്പുഴ - 690101